## 1169

യൗവനം മോഹനം സുന്ദരം മാധുര്യം
യുവതീയുവാക്കളേ യൗവനം വേഗം തീരും
ആരോഗ്യം കുറഞ്ഞിടും   യൗവനത്തിൽ നിൻ
സൃഷ്ടി കർത്താവിൻ പാദം ചേർന്നിടുക-

1 യൗവനകാലം മോഹനമല്ലോ
ആരോഗ്യം ദൈവത്തിൻ ദാനമല്ലോ
ഈ നല്ലകാലം നീ വ്യർത്ഥമാക്കല്ലേ
ദൈവത്തിൻ പൈതലായ് ജീവിച്ചിടുക

2 യൗവനത്തിൽ നീ നിന്നിഷ്ടംപോലെ
നിന്നുടെ നാളുകൾ തീർക്കുകയോ?
ദൈവത്തിൻ മുമ്പിൽ ഒരുനാൾ നിൽക്കേണം
ദൈവത്തിൻ പൈതലായ് ജീവിച്ചിടുക-

3 ഇന്നു നീ കാണും സർവ്വവും മായ
വെന്തുപോം ചൂളപോലീയുലകം
ലോകസൗഭാഗ്യത്തിന്നന്ത്യം സന്താപം
ദൈവത്തിൻ പൈതങ്ങൾക്കന്നുമാനന്ദം-   **A.V.**